**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5923** **09-07-2024 - ൽ മറുപടിയ്ക്ക്**

**ലീവ് സറണ്ടർ ബിൽ മാറി നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം എൽ.എ. റെയിൽവേ ഓഫീസിലെ ജീവനക്കാരായ ശ്രീ.ജോബിൻസണ്‍, ശ്രീ.സജിമോൻ എന്നിവരുടെ 2022-2023 സാമ്പത്തിക വർഷത്തിലെ ലീവ് സറണ്ടർ ചെയ്ത് പി.എഫ്.ൽ ലയിപ്പിക്കുന്നതിന് ക്രഡിറ്റിൽ നിന്ന് ലീവുകൾ കുറച്ച് നടപടിക്രമം തയ്യാറാക്കി ഓൺലൈൻ ആയി ബിൽ കോട്ടയം ജില്ലാട്രഷറിയിൽ സമർപ്പിച്ചെങ്കിലും നാളിതുവരെ മാറി നൽകാത്തതിന് കാരണം വ്യക്തമാക്കാമോ; | (എ) | സ.ഉ.(പി) നം. 20/2023/ധന. തീയതി 25/02/2023 ഉത്തരവ് പ്രകാരം ലീവ് സറണ്ടറിന്റെ എല്ലാ നടപടിക്രമങ്ങളും 31/03/2023-നകം പൂർത്തീകരിക്കേണ്ടതാണെന്നും ബില്ലുകൾ 01/04/2023-ന് ശേഷം മാത്രം ട്രഷറികളിൽ സമർപ്പിക്കേണ്ടതാണെന്നും ഉത്തരവായിരുന്നു. എന്നാൽ കോട്ടയം എൽ.എ റെയിൽവേ ഓഫീസിലെ ജീവനക്കാരായ ശ്രീ.ജോബിൻസണ്‍, ശ്രീ.സജിമോൻ എന്നിവരുടെ 2022-2023 സാമ്പത്തിക വർഷത്തിലെ ലീവ് സറണ്ടർ പി .എഫ്-ൽ ലയിപ്പിക്കുന്നതിനായുള്ള ബിൽ, മേൽ നടപടിക്രമങ്ങൾ പാലിച്ച് ബന്ധപ്പെട്ട DDO കോട്ടയം ജില്ലാ ട്രഷറിയിൽ ഓൺലൈൻ ആയി സമർപ്പിച്ചിട്ടില്ല. ഫിസിക്കൽ കോപ്പിയും ട്രഷറിയിൽ സമർപ്പിച്ചിട്ടില്ല. |
| (ബി) | 08/06/2023-ലെ ജി.ഒ.(ആർ.റ്റി.) നം. 2172/2023/ആർ.ടി. ഉത്തരവുപ്രകാരം എൽ.എ. ഓഫീസിന് തുടർച്ചാനുമതി ഉള്ളതിനാൽ ലീവ് സറണ്ടർ ബിൽ അടിയന്തരമായി മാറി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | മുൻ സാമ്പത്തിക വർഷത്തെ ലീവ്സറണ്ടർ ആനുകൂല്യം നിലവിൽ മാറി നൽകാൻ വ്യവസ്ഥയില്ലാത്തതാണ്. |
| (സി) | പ്രസ്തുത ലീവ് സറണ്ടർ ബിൽ മാറി നൽകുന്നതിന് മറ്റെന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | കോട്ടയം എൽ.എ റെയിൽവേ ഓഫീസിലെ ജീവനക്കാരായ ശ്രീ.ജോബിൻസണ്‍, ശ്രീ.സജിമോൻ എന്നിവരുടെ 2022-2023 സാമ്പത്തിക വർഷത്തിലെ ലീവ് സറണ്ടർ പി.എഫ്-ൽ ലയിപ്പിക്കുന്നതിനായിട്ടുള്ള ബിൽ 2024-25സാമ്പത്തിക വർഷത്തിൽ പാസ്സാക്കി നൽകാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ